# എസ്.ഐ.ഒ
# പിന്നിട്ട വഴികൾ

എം.കെ. മുഹമ്മദലി

1982 ഒക്ടോബർ 19-നാണ് എസ്.ഐ.ഒ അഖിലേന്ത്യാ തലത്തിൽ ഔപചാരികമായി നിലവിൽ വന്നത്. ഏറെ താമസിയാതെ സംഘടനയുടെ കേരള ഘടകവും രൂപീകരിക്കപ്പെട്ടു.

ഇന്ത്യയിലെ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ വിദ്യാർഥി യുവജന വിഭാഗമാണ് എസ്.ഐ.ഒ. സംഘടനയുടെ ലക്ഷ്യങ്ങൾ സംക്ഷിപ്തമായി താഴെകൊടുക്കുന്നു. ഒന്ന്: വിദ്യാർഥി യുവജനങ്ങൾക്ക് ഇസ്‌ലാമിനെ പരിചയപ്പെടുത്തുക. രണ്ട്: മുസ്‌ലിം വിദ്യാർഥി-യുവജനങ്ങളെ ഇസ്‌ലാമിക ജീവിതം നയിക്കുന്നതിന് പ്രാപ്തരാക്കുക. മൂന്ന്: തിന്മകൾക്കെതിരെ പോരാടുകയും സൂഹത്തിൽ നന്മകൾ വളർത്താൻ പരിശ്രമിക്കുകയും ചെയ്യുക. നാല്: രാജ്യത്തെ വിദ്യാർഥി-യുവജനങ്ങൾക്ക് സംഘടനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ പരിചയപ്പെടുത്തുകയും ആ ഉദ്ദേശ്യല്യങ്ങളുടെ സഫലീകരണത്തിനായി അവരുടെ സഹകരണം തേടുകയും ചെയ്യുക. അഞ്ച്: സംഘടനയുമായി ബന്ധപ്പെടുന്നവരുടെ കഴിവുകൾ വളർത്താൻ ശ്രമിക്കുകയും അവർക്ക് ധാർമികമായി ശിക്ഷണങ്ങൾ നൽകി അവരുടെ കഴിവുകളെ ഇസ്‌ലാമിക പ്രസ്ഥാനത്തിന് പ്രയോജനപ്പെടുത്തുകയും ചെയ്യുക.

എസ്.ഐ.ഒ. കേരള സോൺ നടത്തിയ മുഖ്യ പ്രവർത്തനങ്ങൾ ചുരുക്കത്തിൽ:

**ഐക്യദാർഢ്യവാരം**

എസ്.ഐ.ഒ. രൂപീകരണ വർഷത്തിൽ തന്നെ സംസ്ഥാന വ്യാപകമായി നടത്തിയ 'ഐക്യദാർഢ്യവാരം' മതസൗഹാർദം ഊട്ടിയുറപ്പിക്കുന്നതിനും വിവിധ മതവിഭാഗങ്ങൾക്കിടയിൽ പരസ്പര സ്നേഹവും സാഹോദര്യവും നിലനിർത്താനും ആഹ്വാനം ചെയ്ത പരിപാടിയായിരുന്നു. ജനങ്ങൾക്കിടയിൽ സ്നേഹവും സാഹോദര്യവും ഉണ്ടാക്കാൻ ഇസ്‌ലാം എവ്വിധം ശ്രമിക്കുന്നു എന്ന് ഇതിലൂടെ വിശദീകരിക്കപ്പെട്ടു. പോസ്റ്റർ, ലഘുലേഖ, പൊതുയോഗം, പദയാത്ര, പ്രകടനങ്ങൾ, സൗഹൃദയോഗം തുടങ്ങിയ ഇതിനുവേണ്ടി ഉപയോഗിക്കപ്പെട്ടു.

**അശ്ലീല വിരുദ്ധവാരം**

നാട്ടിൽ, വിശേഷിച്ചും ചെറുപ്പക്കാർക്കിടയിൽ വർധിച്ചുവരുന്ന അശ്ലീലത സാമൂഹിക ജീവിതത്തിലുണ്ടാക്കുന്ന ദുരന്തങ്ങളെക്കുറിച്ച് ബോധവാന്മാരാക്കാൻ വേണ്ടി നടത്തിയ ഈ കാമ്പയിനിൽ പോസ്റ്റർ, ലഘുലേഖകൾ, പൊതുയോഗങ്ങൾ തുടങ്ങിയ പ്രചാരണ മാധ്യമങ്ങൾ ഉപയോഗപ്പെടുത്തി.

**ശരീഅത്ത് പ്രചാരണവാരം**

ഇസ്‌ലാമിക ശരീഅത്തിനെക്കുറിച്ച് തെറ്റിദ്ധാരകൾ സൃഷ്ടിക്കാനുള്ള ആസൂത്രിതശ്രമങ്ങൾ നടന്നപ്പോൾ, ശരീഅത്ത് എന്താണ്, എന്തല്ല എന്ന് വിശദീകരിക്കുന്നതിനു വേണ്ടി എസ്.ഐ.ഒ അഖിലേന്ത്യാ തലത്തിൽ ഒരാഴ്ച നീണ്ടുനിന്ന ഒരു കാമ്പയിൻ സംഘടിപ്പിച്ചു. പ്രസ്തുത കാമ്പയിനിന്റെ ഭാഗമായി കേരളത്തിലും വിപുലമായ പരിപാടികൾ നടന്നു.

**മദ്യവിരുദ്ധവാരം**

മദ്യത്തിന്റെ ദൂഷ്യങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കാനും മദ്യത്തിനെതിരായ മനോഭാവം സൃഷ്ടിക്കുവാനും വേണ്ടി വിവിധങ്ങളായ പ്രചാരണ മാധ്യമങ്ങൾ ഉപയോഗിച്ചു. മദ്യത്തെക്കുറിച്ച് എസ്.ഐ.ഒ. നടത്തിയ അഭിപ്രായ സർവേ വഴി ഭൂരിപക്ഷം ജനങ്ങളും മദ്യത്തെ വെറുക്കുന്നവരാണെന്ന് കണ്ടെത്താനും അത് അധികൃതരുടെ ശ്രദ്ധയിൽ കൊണ്ടുവരാനും കഴിഞ്ഞു. പിന്നീട് പലപ്പോഴായി മദ്യത്തിനെതിരായ ബോധവൽക്കരണ ശ്രമം എസ്.ഐ.ഒ നടത്തുകയുണ്ടായി.

**കാൾ ടു പീസ് കാമ്പയിൻ**

1988-ൽ വളരെ വിപുലമായി അഖിലേന്ത്യാ തലത്തിൽ നടന്ന കാമ്പയിനാണിത്. 'മനുഷ്യമൈത്രിക്ക് യുവശക്തി' എന്ന മുദ്രാവാക്യം മുഴക്കിക്കൊണ്ട്, വർഗീയ കലാപങ്ങൾക്കും ശത്രുതക്കും പകരം ജനങ്ങൾക്കിടയിൽ സൗഹാർദവും സ്നേഹവും ഉണ്ടാക്കിയെടുക്കാൻ ശ്രമിച്ചതോടൊപ്പം ഇസ്‌ലാമിനെ വിശദമായി പരിചയപ്പെടുത്താനും പരിശ്രമിച്ചു. വിവിധ മതസ്ഥരായ ആളുകൾ ഒരേ സ്റ്റേജിൽ ഒന്നിച്ചിരുന്നു എസ്.ഐ.ഒ നൽകിയ 'ഐക്യത്തൂവാലകൾ' പരസ്പരം കൈമാറി. എല്ലാ വിഭാഗം ജനങ്ങളുടെയും മുക്തകണ്ഠം പ്രശംസ പിടിച്ചുപറ്റിയ, പുതുമയാർന്ന ഒരു പരിപാടിയായിരുന്നു 'കാൾ ടു പീസ് കാമ്പയിൻ'.

**മൂല്യാധിഷ്ഠിത രാഷ്ട്രീയ കാമ്പയിൻ**

1989-ൽ ലോക്സഭാ തെരഞ്ഞെടുപ്പിന്റെ തൊട്ടുമുമ്പ് നടന്ന ഈ കാമ്പയിനിലൂടെ രണ്ട് കാര്യങ്ങളാണ് എസ്.ഐ.ഒ ചെയ്തത്. സ്ഥാനാർഥി നിർണയം നട

ക്കുന്ന സമയത്ത് പാർട്ടി നേതാക്കളെ കണ്ടു പറഞ്ഞു: നല്ല വ്യക്തികളെ മാത്രമേ സ്ഥാനാർഥിയാക്കാവൂ. സ്ഥാനാർഥി നിർണയത്തിനുശേഷം ജനങ്ങളോട് എസ്.ഐ.ഒ ആഹ്വാനം ചെയ്തു, നല്ല സ്ഥാനാർഥികൾക്കു മാത്രമേ വോട്ടുചെയ്യാവൂ എന്ന്. സ്വഭാവശുദ്ധിയുള്ളവരും ഇസ്‌ലാമിനോടും മുസ്‌ലിംകളോടും മറ്റന്യൂനപക്ഷ-പിന്നോക്ക വിഭാഗങ്ങളോടും ശത്രുതയും വർഗീയതയും വെച്ചുപുലർത്താത്തവരുമായ ആളുകൾ രംഗത്തുവരികയും അതുവഴി നമ്മുടെ രാജ്യത്തിന്റെ സാമൂഹിക സാഹചര്യം നൻമ നിറഞ്ഞതായിത്തീരികയും വേണം എന്ന ഉദ്ദേശ്യത്തോടെയാണ് എസ്.ഐ.ഒ. ഇങ്ങനെയൊരു കാമ്പയിൻ സംഘടിപ്പിച്ചത്.

### സ്ത്രീധന വിരുദ്ധ കാമ്പയിൻ

സ്ത്രീധനത്തിനും വിവാഹത്തിലെ അനാചാരങ്ങൾക്കും എതിരിൽ ജനങ്ങളെ വിശേഷിച്ച് ചെറുപ്പക്കാരെ ബോധവാന്മാരാക്കാൻ നടത്തിയ പരിപാടിയായിരുന്നു ഇത്.

### വിമോചന പ്രചാരണ മാസം

1990 ഫെബ്രുവരി 20 മുതൽ മർച്ച് വരെ നടത്തിയ ഈ കാമ്പയിനിന്റെ ലക്ഷ്യം ഭൗതികപ്രസ്ഥാനങ്ങൾക്കു പകരമായി ഇസ്‌ലാമിനെ പരിചയപ്പെടുത്തുക എന്നതായിരുന്നു. കമ്യൂണിസം അതിന്റെ ഈറ്റില്ലങ്ങളിൽതന്നെ തകർന്നുവീണ പശ്ചാത്തലത്തിൽ തകരാതെ എന്നെന്നും നിലനിൽക്കുന്നതും മനുഷ്യരെ എല്ലാത്തരം അടിമത്തങ്ങളിൽ നിന്നും മോചിപ്പിക്കാൻ പര്യാപ്തമായതുമായ ജീവിതവ്യവസ്ഥ ഇസ്‌ലാം മാത്രമാണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുവാനാണ് ഇതിലൂടെ ശ്രമിച്ചത്. മനുഷ്യനിർമിത പ്രസ്ഥാനങ്ങൾ തകരാനുള്ള കാരണമെന്താണെന്നും ദൈവികവ്യവസ്ഥ തകരാതിരിക്കുന്നത് എന്തുകൊണ്ടാണെന്നും ഇതിലൂടെ വിശദീകരിക്കാൻ കഴിഞ്ഞു.

### സീറാ കാമ്പയിൻ

മുഹമ്മദ് നബിയുടെ ജീവിതത്തെയും സന്ദേശത്തെയും വിശദായി പരിചയപ്പെടുത്തുന്നതിനുവേണ്ടി എസ്.ഐ.ഒ അഖിലേന്ത്യാ അടിസ്ഥാനത്തിൽ സംഘടിപ്പിച്ച ഈ വാരം 90 ഒക്ടോബർ 1 മുതൽ 7 വരെ കേരളത്തിലും വിവിധ പരിപാടികളോടെ ആചരിക്കപ്പെട്ടു. 'പ്രവാചകൻ വിശ്വ വിമോചകൻ' എന്നതായിരുന്നു ഈ കാമ്പയിനിന്റെ തലക്കെട്ട്. പിന്നീട്, 'മുഹമ്മദ് നബി വ്യക്തിത്വവും സന്ദേശവും' എന്ന ഹെഡ്ഡിംഗിൽ 91 ഡിസംബർ 20-27 എസ്.ഐ.ഒ കേരള ഘടകം ഒരു കാപയിൻ സംഘടിപ്പിച്ചു. കാമ്പയിനുകളോടനുബന്ധിച്ച് സംസ്ഥാന തലത്തിലും, ജില്ലാ തലങ്ങളിലും ശ്രദ്ധേയമായ സെമിനാറുകൾ നടത്തപ്പെട്ടു. സാമൂഹിക-രാഷ്ട്രീയ-സാംസ്കാരിക രംഗങ്ങളിലെ പ്രമുഖരായ പലരും പങ്കെടുത്ത ഈ സെമിനാറുകൾ പ്രവാചകന്റെ മാനുഷികമൂല്യവും വിമോചനസങ്കൽപവും മുസ്‌ലിംകളല്ലാത്ത ധാരാളമാളുകൾക്ക് വ്യക്തമാക്കിക്കൊടുക്കാൻ അവസരം നൽകിയിട്ടുണ്ട്. ഏരിയാ, യൂനിറ്റ് തലങ്ങളിൽ നടന്ന സ്റ്റഡി ക്ലാസുകളും സെമിനാറുകളും വ്യാപകമായ സ്കോഡ് പ്രവർത്തനങ്ങളും പ്രബോധന പ്രവർത്തനമേഖലയിലെ എടുത്തുപറയാവുന്ന നേട്ടങ്ങളാണ്. ലക്ഷക്കണക്കിന് ലഘുലേഖകളും ധാരാളം പുസ്തകങ്ങളും ഈ കാമ്പയിനുകളിൽ വിതരണം ചെയ്യപ്പെടുകയുണ്ടായി. ഈ കാമ്പയിനുകൾ പ്രവാചകനെക്കുറിച്ച് പഠിക്കാനുള്ള വ്യാപകമായ താൽപര്യം ജനിപ്പിച്ചിട്ടുണ്ടെന്നാണ് പിന്നീട് നിരന്തരനായുണ്ടായിക്കൊണ്ടിരിക്കുന്ന പ്രതികരണങ്ങളിൽനിന്ന് മനസ്സിലാകുന്നത്.

### യുദ്ധ വിരുദ്ധ കാമ്പയിൻ

ലോക മുസ്‌ലിം സമൂഹത്തന് തീരാനഷ്ടങ്ങൾ വരുത്തിവെച്ച ഗൾഫ് യുദ്ധം മൂർദ്ധന്യാവസ്ഥയിൽ എത്തിയപ്പോൾ (91 ഫെബ്രുവരിയിൽ) എസ്.ഐ.ഒ കേരളത്തിലുടനീളം യുദ്ധ വിരുദ്ധ റാലികളും പ്രതിഷേധ പരിപാടികളും സംഘടിപ്പിച്ചു. അമേരിക്കയുടെ സാമ്രാജ്യത്ത ദുർമോഹങ്ങളെ തുറന്നു കാണിച്ചതോടൊപ്പം, സദ്ദാം ഹുസൈന്റെ കുവൈത്ത് അധിനിവേശത്തെ അപലപിക്കാനും എസ്.ഐ.ഒ ഈ അവസരം വിനിയോഗിച്ചു. ഇസ്റയേലിനെ വളർത്താനും, ഗൾഫ് മേഖലയിലെ തങ്ങളുടെ കാവൽക്കാരനാക്കി മാറ്റാനും ആഗ്രഹിക്കുന്ന അമേരിക്കയുടെ പിന്തുണയും പിൻബലവും മുസ്‌ലിം ലോകത്തിന് വിനാശകരവുമാണെന്നുള്ള എസ്.ഐ.ഒ.വിന്റെ അന്നത്തെ മുന്നറിയിപ്പ് ഇന്നിതാ അക്ഷരാർഥത്തിൽ പുലർന്നിരിക്കുന്നു.

### ബാബരി മസ്ജിദ്

ബാബരി മസ്ജിദ് പ്രശ്നത്തിൽ ഇതഃപര്യന്തമുണ്ടായ ഓരോ സംഭവത്തിലും എസ്.ഐ.ഒ പ്രതികരിച്ചിട്ടുണ്ട്. ഏറ്റവും അവസാനമായി യു.പി. സർക്കാർ തർക്കസ്ഥലമായ പ്ലോട്ടുകൾ അക്വയർ ചെയ്ത സംഭവത്തിലും എസ്.ഐ.ഒ കേരള സോൺ സംസ്ഥാന വ്യാപകമായ പ്രതിഷേധ പരിപാടികൾ നടത്തുകയുണ്ടായി. സംസ്ഥാനതലത്തിൽ കോഴിക്കോട്ട് നടന്ന പ്രതിഷേധ റാലിയോടെയായിരുന്നു തുടക്കം. തുടർന്ന് ജില്ലാ തലങ്ങളിൽ പ്രതിഷേധ റാലികളും വിശദീകരണ സമ്മേളനങ്ങളും നടന്നു. യൂനിറ്റ് ഏരിയാ തലങ്ങളിലും പ്രകടനങ്ങളും പൊതുയോഗങ്ങളും നടന്നു. കേരള മുസ്‌ലിം മനഃസ്സാക്ഷിയെ തൊട്ടുണർത്താനും അതുവഴി പ്രതിഷേധ ശൃംഖലതന്നെ പടുത്തുയർത്തുവാനും എസ്.ഐ.ഒ.വിന് സാധ്യമായിട്ടുണ്ട്.

### ആണവ വിരുദ്ധ കാമ്പയിൻ

കേരളത്തിൽ ആണവനിലയം സ്ഥാപിക്കാനുള്ള നീക്കൾക്കെതിരെ നടക്കുന്ന ബഹുജന സമരങ്ങളുടെ മുൻനിരയിൽ നിൽക്കാൻ എസ്.ഐ.ഒ. വിന് കഴിഞ്ഞിട്ടുണ്ട്. ഈ സമരത്തിന്റെ ആദ്യഘട്ടം എന്ന നിലയിൽ കേരളത്തിലെ എല്ലാ യൂണിറ്റുകളിലും പ്രകടനങ്ങൾ നടന്നു. തുടർന്ന് നടന്ന എല്ലാ സമരങ്ങളിലും എസ്.ഐ.ഒ.വിന്റെ സജീവ പങ്കാളിത്തം ഉണ്ടായിരുന്നു. അവസാനമായി കണ്ണൂർ കലക്ടറേറ്റിലേക്ക് സാമൂഹ്യ സാംസ്കാരിക നായകന്മാരുടെ നേതൃത്വത്തിൽ നടന്ന മാർച്ചിലും ആദ്യവസാനം എസ്.ഐ.ഒ. പ്രവർത്തകർ പങ്കെടുത്തു.

ആണവ നിലയിത്തിനെതിരായ പ്രവർത്തന ശൃംഖലയിലെ ഏറ്റവും ശ്രദ്ധേയമായ ഒന്നാണ് പെരിങ്ങോത്ത് എസ്.ഐ.ഒ. നടത്തിയ ഗ്യാലപ്പ്പോൾ. 15 വാർഡുകളുള്ള പെരിങ്ങോം വയക്കര പഞ്ചായത്തിലാണ് എസ്.ഐ.ഒ. ഗ്യാലപ്പ്പോൾ നടത്തിയത്. 91 ഒക്ടോബർ 5, 6 തിയതികളിൽ പ്രവർത്തകർ 30 ഗ്രൂപ്പുകളായി തിരിഞ്ഞ് കുടുംബങ്ങളെയും, വ്യക്തികളെയും കേന്ദ്രീകരിച്ചായിരുന്നു ഹിതപരിശോധന. സമൂഹത്തിന്റെ എല്ലാ തലങ്ങളിലുംപെട്ട ജനങ്ങളെ സമീപിച്ച് നടത്തിയ ഗ്യാലപ്പ്പോളിൽ 98.52 ശതമാനം ആളുകളും ആണവനിലയം വേണ്ടന്ന് അഭിപ്രായപ്പെടുകയുണ്ടായി.. ഈ വസ്തുത പത്രസമ്മേളനങ്ങളിലൂടെയും മറ്റു മാധ്യമങ്ങളിലൂടെയും ജനങ്ങളെ അറിയാക്കാൻ എസ്.ഐ.ഒ നടപടി സ്വീകരിച്ചുട്ടുണ്ട്. ജനങ്ങളുടെ ഈ വികാരം നിവേദനങ്ങളിലൂടെ ബന്ധപ്പെട്ട മന്ത്രിമാരുടെയും ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. ചുരുക്കത്തിൽ ഒരു മരണ വാറണ്ടുപോലെ കേരള ജനതയെ ഭീഷണിപ്പെടുത്തുന്ന ഈ അപകട നിലയത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കാനും, ജനവികാരം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപെടുത്താനും ഈ വികാരം ബഹുജന പ്രക്ഷോഭമാക്കി മാറ്റിയെടുക്കുന്നതിൽ നിർണായക പങ്കു വഹിക്കാനും എസ്.ഐ.ഒ. ശ്രമിച്ചിട്ടുണ്ട്.

ഇതിനു പുറമെ വിദ്യാഭ്യാസ രംഗത്തെ അരക്ഷിതാവസ്ഥക്കെതിരെ നടന്ന കാമ്പയിൻ, വർഗീയ കലാപങ്ങളുടെ യാഥാർഥ്യം വിശദീകരിക്കുന്നതിനുള്ള പരിപാടികൾ, അഫ്ഗാൻ ദിനം, അബ്കാരി ലേലത്തിനും ശിശു പ്രദർശനത്തിനും എതിരായ സമരങ്ങൾ, വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്താനും അനാവശ്യമായ സാഹചര്യം സൃഷ്ടിക്കാനും വേണ്ടി നടത്തിയ ഒന്നിലേറെ വിദ്യാഭ്യാസ പ്രചരണ വാരങ്ങൾ, സാക്ഷരതാ പ്രവർത്തനങ്ങൾക്ക് നൽകിയ സഹകരണവും പങ്കാളിത്തവും, മെഡിക്കൽ സമരം, പ്രീ-ഡിഗ്രി ബോർഡ് പ്രശ്നം, വിദ്യാർഥകളുടെ യാത്രാ പ്രശ്നം എന്നിവയിൽ നടത്തിയ പ്രതികരണങ്ങൾ എന്നിവ എടുത്തു പറയാവുന്ന മറ്റു പ്രവർത്തനങ്ങളിൽ ചിലതാണ്.

എസ്.ഐ.ഒ. രൂപീകൃതമായതിനു ശേഷം 1985 ഫെബ്രുവരിയിൽ കോഴിക്കോട് ഫറോക്കിൽ സംസ്ഥാന സമ്മേളനവും 1986 ഡിസംബറിൽ ബാംഗ്ലൂരിൽ അഖിലേന്ത്യാ സമ്മേളനവും 1989 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ കേരളത്തിൽ ജില്ലാ സമ്മേള

നങ്ങളും നടത്തി. 1990 ഡിസംബർ 29,30,31 തിയതികളിൽ എറണാകുളത്ത് രണ്ടാം സംസ്ഥാന സമ്മേളനവും നടത്തി. എസ്. ഐ.ഒ. വിന്റെ സമ്മേളനങ്ങൾ പൂർണ മായും ആദർശ പ്രചരണം ലക്ഷ്യം വെച്ചു കൊണ്ടുള്ളതാണ്. ഓരോ സമ്മേലളന ത്തിനും ഓരോ പ്രമേയം നിശ്ചയിക്കു കയും, സമ്മേളന്തന് മുമ്പ് ആയിരക്കണ ക്കിന് പൊതുയോഗങ്ങളിലൂടെയും സ്റ്റഡി ക്ലാസ്, സെമിനാർ ലഘുലേഖ തുടങ്ങിയ വയിലൂടെയും അത് ജനങ്ങൾക്ക് വിശദീ കരിച്ചു കൊടുക്കുകയുമാണ് ചെയ്യുന്നത്.

ഒന്നാം സംസ്ഥാന സമ്മേളനത്തിന്റെ പ്രമേയം "സത്യം, സമരം, സമാധാനം" എന്നതായിരുന്നു. "ഇസ്ലാം സമാധാനത ത്തിന്, പുരോഗതിക്ക്, മോക്ഷത്തിന്" എന്ന തായിരുന്നു അഖിലേന്ത്യാ സമ്മേളന ത്തിന്റെ പ്രമേയം. ജില്ലാ സമ്മേളനങ്ങളുടെ പ്രമേയം "വിശ്വാസത്തിലേക്ക് വീണ്ടും" എന്നതായിരുന്നു. ഭൗതിക വ്യവസ്ഥിതി കൾ മനുഷ്യന് ദുരിതങ്ങൾ മാത്രമാണ് നൽകിയതെന്നും, ദൈവ വിശ്വസത്തിലധി ഷ്ഠിതമായ ഇസ്ലാമിക വ്യവസ്ഥക്കു മാത്രമേ മനുഷ്യന് സമാധാനവും, ഐശ്വ ര്യവും നൽകാൻ കഴിയൂ എന്നും തെളിവി ന്റെയും ന്യായത്തിന്റെയും അടിസ്ഥാന ത്തിൽ വിശദീകരിക്കുകയാണ് ഈ പ്രമേയം വഴി ചെയ്തത്. അവസാനമായി നടന്ന രണ്ടാം സംസ്ഥാന സമ്മേളനത്തിന്റെ പ്രമേയം "പീഢനത്തിനെതിരെ യുവ ശക്തി" എന്നതായിരുന്നു.

രണ്ടാം സംസ്ഥാന സമ്മേളനംകേരളാ എസ്.ഐ.ഒ. വിന്റെ ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്. കേരളത്തിൽ പ്രത്യേ കിച്ചും വലിയ ചലനങ്ങൾ സൃഷ്ടിക്കാൻ ഈ സമ്മേളനത്തിന് സാധിച്ചിട്ടുണ്ട്. സമ്മേ ളന പ്രമേയം കേരളത്തിലെ ധർമബോധ മുള്ള യുവതയും, ബഹുജനങ്ങളും തങ്ങ ളുടേതാക്കി മാറ്റുകയായിരുന്നു. സമ്മേളന പ്രചരണ പ്രവർത്തനങ്ങളിൽ എസ്.ഐ.ഒ. പ്രവർത്തകർക്ക് ബഹുജനങ്ങളിൽനിന്ന് ലഭിച്ച സഹകരണം ഇതിന്റെ പ്രത്യക്ഷ തെളിവാണ്. ജീവിതത്തിന്റെ സർവ്വ തുറ കളിലും പീഡനം അരങ്ങുതകർക്കുമ്പോൾ മൗനമവലംഭിക്കാൻ കഴിയാത്ത മനുഷ്യ സ്നേഹികളുടെ ശബ്ദമാണ് സമ്മേളന പ്രമേയത്തിലൂടെ കേരളം ശ്രവിച്ചത്.

ഇസ്ലാമിന്റെ വിമോചന മുഖം അനാ വരം ചെയ്തതോടൊപ്പം ധാരാളം ചെറുപ്പ ക്കാർക്ക് സന്മാർഗത്തിന്റെ വെളിച്ചം നൽകാനും ഇതുവഴി സാധ്യമായിട്ടുണ്ട്. പുറത്തുള്ള പ്രചാരണ പ്രവർത്തനങ്ങൾ കൂടാതെ സംഘടനാ ഭദ്രത ഉറപ്പുവരു ത്തുന്ന ഒരു പ്രവർത്തകവ്യൂഹത്തെ വളർത്തിയെടുക്കാൻ കഴിഞ്ഞുവെന്നത് ഈ സമ്മേളനത്തിന്റെ പ്രധാന നേട്ടങ്ങളിൽ ഒന്നാണ്. സമ്മേളനത്തോടനുബന്ധിച്ച് നടന്ന തെക്കൻ മേഖലാ സ്കോഡുകൾ പ്രവർത്തകർക്ക് അവിസ്മരണീയമായ അനുഭവമായി മാറി. സമ്മേളനത്തിന്റെ ഭാഗ മായ ബാല സമ്മേളനവും കൊളോകി യവും കേരളത്തിലെ ഇസ്ലാമിക തൽപര രുടെ മനസ്സിൽ എന്നെന്നും നില നിൽക്കുന്ന സംഭവങ്ങളാണ്. മലേഷ്യയിലെ ഇന്റർനാഷനൽ ഇസ്ലാമിക് യൂണിവേഴ്സി റ്റിയിലെ സ്റ്റുഡന്റ്സ് അഫേഴ്സ് ഡപ്യൂട്ടി ഡീനും അമേരിക്കക്കാരനുമായ ഡോ. എറി ക്. എ. വിംഗ്ൾ സമ്മേളനത്തിന്റെ മറ്റൊരു ശ്രദ്ധാകേന്ദ്രമായിരുന്നു. സമ്മേളനത്തിൽ പങ്കെടുത്ത ഏക വിദേശ പ്രതിനിധിയും വിംഗ്ൾ തന്നെയായിരുന്നു. വിജ്ഞേയമായ ക്ലാസുകളും ചർച്ചകളും മാത്രമല്ല, ആരാ ധനകൾ, സ്വഭാവ മര്യാദകൾ, സേവന തൽപ്പരത തുടങ്ങിയ കാര്യങ്ങളിൽ പ്രവർത്തകർക്ക് പരിശീലനം നൽകുന്ന ജീവിതക്രമീകരണം കൂടിയാണ് ഓരോ സമ്മേളനത്തിന്റെയും സവിശേഷത. ഇത്തരം സമ്മേളനങ്ങളിലൂടെ ഇസ്ലാമിന്റെ പ്രബോധനം നന്നായി നിർവഹിക്കാൻ എസ്.ഐ.ഒ.വിന് സാധ്യമാവുന്നു. സംസ്ഥാന ഘടകം നേരിട്ട് മേൽനോട്ടം വഹിച്ച് നടത്തുന്ന പ്രധാന പരിപാടി കൾക്ക് പുറമെ, വിവിധ മേഖലകളിലുള്ള പ്രവർത്തനത്തിന് വേണ്ടി രൂപീകൃതമായ വ്യത്യസ്ത വകുപ്പുകളുടെയും പ്രവർത്ത നങ്ങൾ നടക്കുന്നു.

**സർഗ സംഗമം**

കലാ-സാഹിത്യ മാധ്യമങ്ങളെ ആദർശ പ്രചാരണത്തിനും സാമൂഹിക മാറ്റ ത്തിനും ഉപയോഗപ്പെടുത്തുന്നതിന് 'സർഗ സംഗമം' പ്രവർത്തിക്കുന്നു. കലയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട്ക ലാബോധവും നന്മയോട് ആഭിമുഖ്യവു മുള്ള ഒരു തലമുറയെ ഈ രംഗത്ത് സൃഷ്ടിക്കുകകയാണ് സർഗ സംഗമത്തിന്റെ ലക്ഷ്യം.

കലാ സാഹിത്യ മാധ്യമങ്ങളെ നല്ല നിലയിൽ ഉപയോഗപ്പെടുത്തുവാനും അവ യുടെ ദിശ തിരിച്ചുവിടാനും സർഗസംഗമം ശ്രമിക്കുന്നു. കലാകാരന്മാരെ വാർത്തെടു ക്കാനും കലയെ എങ്ങനെ ഇസ്ലാമിക ആശയപ്രചാരണത്തിന് ഉപയോഗപ്പെടു ത്താൻ കഴിയും എന്ന് പഠിപ്പിക്കാനും വേണ്ടി ഒട്ടേറെ ക്യാമ്പുകളും പഠന-പരി ശീലന കളരികളും സംർഗസംഗമത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കപ്പെടുകയു ണ്ടായി. സർഗ സംഗമത്തിന്റെ കീഴിൽ ഇപ്പോൾ നാടക, തെരുവുനാടക ട്രൂപ്പുക ളുണ്ട്. എസ്.ഐ.ഒ. പലപ്പോഴായി നട ത്തിയ കാമ്പയിനുകളോടനുബന്ധിച്ച് കേര ളത്തിലെ എത്രയോ തെരുവുളിൽ അവത രിപ്പിച്ച നാടകങ്ങൾ ജീർണതക്കെതിരിലുള്ള മൂർച്ചയേറിയ വിമർശനങ്ങളായിരുന്നു. അവ പതിനായിരങ്ങളാൽ പ്രശംസിക്കപ്പെടുകയു ണ്ടായി.

കേരളോൽസവത്തോടനുബന്ധിച്ച് നടന്ന മൽസര പരിപാടികളിൽ പല പ്രാദേ ശിക സർഗ സംഗമം യൂനിറ്റുകളും ശ്രദ്ധേ യമായ പരിപാടികൾ അവതരിപ്പിക്കുകയും സമ്മാനാർഹമാവുകയും ചെയ്തിട്ടുണ്ട്. ഇതിനകം കഴിവും മികവും തെളിയിച്ചുക ഴിഞ്ഞ സൽവാ ബാല ഗായകസംഘം സർഗസംഗമത്തിന്റെ നേട്ടങ്ങളുടെ മുന്നിൽ നിൽക്കുന്നു. ഈയടുത്ത് ആകാശവാണി ബാല ഗായകസംഘങ്ങൾക്ക് വേണ്ടി നട ത്തിയ ഗാന മൽസരത്തിൽ കോഴിക്കോട് നിലയത്തിൽ ഒന്നാം സ്ഥാനം നേടിയതും സൽവാ ഗായകസംഘമായിരുന്നു.

**ഓഡിയോ വിഷ്വൽ**

വിജ്ഞാനപ്രദമായ ഇസ്ലാമിക പ്രഭാ ഷണങ്ങളുടെയും ചേതോഹരവും ചിന്തോ ദീപകവുമായ ഇസ്ലാമിക ഗാനങ്ങളു ടെയും കാസറ്റുകൾ പുറത്തിറക്കിക്കൊണ്ട് ഓഡിയോ-വിഷ്വൽ യൂനിറ്റ് ഇസ്ലാമിക പ്രബോധന രംഗത്ത് എടുത്തുപറയാവുന്ന സേവനമാണ് ചെയ്തുവരുന്നത്. ഗാനങ്ങ ളിലൂടെ ഇസ്ലാമിക ആശയങ്ങൾ അവത രിപ്പിച്ച് ഒരു ഡസനോളം കാസറ്റുകൾ പുറ ത്തിറക്കാൻ യൂനിറ്റിന് കഴിഞ്ഞിട്ടുണ്ട്.

**കാമ്പസ് സർക്കിൾ**

സമൂഹത്തിന്റെ നാളത്തെ ശക്തി വിദ്യാർഥികളാണ്. അവരെ സംസ്കരിക്കു കയും അവരിൽ മൂല്യബോധവും സദ്ഗു ണങ്ങളും ഉണ്ടാക്കിയെടുക്കുകയും ചെയ്ത ങ്കിലേ നാളത്തെ സമൂഹം നന്നാവുകയു ള്ളൂ. ഈ ലക്ഷ്യം മുന്നിൽ വെച്ചാണ് സ്കൂൾ കോളേജ് തലത്തിൽ കാമ്പസ് സർക്കിൾ പ്രവർത്തിക്കുന്നത്.

മൂന്ന് തരത്തിലുള്ള ഫലം കാമ്പസു കളിൽ സൃഷ്ടിക്കാൻ എസ്.ഐ.ഒ.വിന് കഴിഞ്ഞു. ഒന്ന്: ഭൗതിക സംഘടനകളിൽ അണിനിരന്നിരുന്ന ഒരു ചെറിയ വിഭാ ഗത്തെ സത്യത്തിന്റെ പാതയിലേക്ക് തിരി ച്ചുവിടാൻ സാധിച്ചു. രണ്ട്: എസ്.ഐ.ഒ. ഉയർത്തിപ്പിടിക്കുന്ന മൂല്യങ്ങൾ വിദ്യാർഥി സമൂഹത്തിന്റെ നന്മക്കും പുരോഗതിക്കും അത്യാവശ്യമാണെന്ന ബോധം പൊതുവെ വിദ്യാർഥികളിലും അധ്യാപകരിലും വളർത്തിയെടുക്കാൻ കഴിഞ്ഞു. മൂന്ന്: വിദ്യാർഥികളെ സ്വന്തം ദൗത്യത്തെക്കുറിച്ച് ബോധവൽക്കരിക്കുവാൻ സാധിച്ചു. 'പഠി ക്കുക, പഠിക്കാൻ അനുവദിക്കുക' എന്ന മുദ്രാവാക്യമാണ് എസ്.ഐ.ഒ. സ്കൂളുക ളിലും കാമ്പസുകളിലും ഉയർത്തിപ്പിടിക്കു ന്നത്.

കാമ്പസ് പ്രവർത്തകരെ ബോധ വൽക്കരിക്കുന്നതിന് യൂണിറ്റ്, ഏരിയാ, ജില്ലാ, സംസ്ഥാന തലങ്ങളിൽ പഠനക്യാ മ്പുകളും വെക്കേഷൻ ക്ലാസുകളും നടത്തി വരുന്നു. 88-ൽ തിരൂർ ഇസ്ലാമിക് സെന്ററിലും 89-ഡിസംബറിൽ വാടാന പ്പള്ളി ഇസ്ലാമിയാ കോളേജിലും അതി നുമുമ്പ് ആലുവായിലും വെച്ച് നടത്തിയ വിജ്ഞാനസംഗമം ഈ ഗണത്തിൽ എടുത്തുപറയാവുന്നതാണ്. എസ്.ഐ.ഒ. കലാലയങ്ങളിൽ ചെലുത്തിയ സ്വാധീനം കഴിഞ്ഞകാല തെരഞ്ഞെടുപ്പുകൾ വ്യക്ത മാക്കുന്നു. കലാലയങ്ങളിൽ അവഗണി ക്കാൻ കഴിയാത്ത ഒരു ശക്തി എന്ന നില യിൽ എസ്.ഐ.ഒ വളർന്നുകഴിഞ്ഞു.

**ബാലസംഘം**

325-ൽപരം ബാലസംഘം യൂനിറ്റുകളിലായി 6000-ൽ അധികം ബാലസംഘാംഗങ്ങൾ കേരളത്തിലുണ്ട്. ഭാവിയിൽ പ്രസ്ഥാനത്തിന്റെയും ഇസ്‌ലാമിന്റെയും വക്താക്കളായി അവരെ വളർത്തിക്കൊണ്ടുവരുന്നതിന് അവർക്ക് അറിവും പരിശീലനവും നൽകിവരുന്നു. വിദ്യാർഥികളായ ബാലസംഘം പ്രവർത്തകരുടെ വൈജ്ഞാനിക കഴിവുകൾ വളർത്തിയെടുക്കുന്നതിന് യൂണിറ്റ്, ഏരിയാ, ജില്ലാ, സംസ്ഥാന തലങ്ങളിൽ വിജ്ഞാനപരിപാടികൾ കൊല്ലംതോറും നടത്തിവരുന്നു. എല്ലാ വർഷവും ഒരു ദിവസം ബാലസംഗമം ആചരിക്കുന്നു. കുട്ടികളുടെ കലാ-സാഹിത്യാഭിരുചിയെ വളർത്തിയെടുക്കുന്നതിനായി പ്രസ്തുത ദിനം ഉപയോഗപ്പെടുത്തുന്നു. എസ്.എസ്.എൽ.സി കഴിഞ്ഞ വിദ്യാർഥികൾക്കുവേണ്ടി 'ടീൻസ് മീറ്റു'കൾ ഈ രംഗത്തെ പ്രസ്താവ്യമായ പരിപാടിയാണ്.

**സോഷ്യൽ സർവീസ് സ്കീം**

ജനസേവനം ദൈവാരാധനയുടെ ഭാഗമാണ്. യഥാർഥ ഇസ്‌ലാമിക പ്രവർത്തകൻ ഒരു ജനസേവകൻ കൂടിയാണ്. ജനസേവനത്തിൽ പരിശീലനവും മാർഗനിർദേശവും നൽകുന്നതിനുവേണ്ടി പ്രത്യേകം സംഘടിപ്പിക്കപ്പെട്ട വിഭാഗമാണ് സോഷ്യൽ സർവീസ് സ്കീം.

പോതു സ്ഥാപനങ്ങളുടെ ശുചീകരണം, റോഡ് നിർമാണം, പുര കെട്ടിക്കൊടുക്കൽ എന്നിവ കൂടാതെ ഗ്രാമങ്ങൾ കേന്ദ്രീകരിച്ച് ആഴ്ചകളോളം നീണ്ടുനിൽക്കുന്ന സേവനപ്രവർത്തനങ്ങളും നിർവഹിച്ചുകൊണ്ട് ഈ സ്കീം മാതൃകാപരമായ പ്രവർത്തനം ഇതിനകം കാഴ്ചവെക്കുകയുണ്ടായി. 1987 ഡിസംബറിൽ സംസ്ഥാന സോഷ്യൽ സർവീസ് സ്കീം മലപ്പുറം ജില്ലയിലെ മക്കരപ്പറമ്പിൽ നടത്തിയ സേവനസംഗമം-87 പ്രത്യേകം പരാമർശമർഹിക്കുന്നു. ഒരാഴ്ച നീണ്ടുനിന്ന ക്യാമ്പിൽ അറുപതോളം പ്രവർത്തകർ സ്ഥിരാംഗങ്ങളായും നൂറിലധികം പ്രവർത്തകർ അല്ലാതെയും പങ്കെടുത്തു. ഒരാഴ്ച കൊണ്ട് ഒരു കിലോമീറ്ററിലധികം നീളമുള്ള റോഡ് പുതുതായി നിർമിച്ച് ആ പ്രദേശത്തെ ജനങ്ങൾക്ക് വലിയ സേവനം ചെയ്യാൻ പ്രവർത്തകർക്ക് കഴിഞ്ഞു.

യൂനിറ്റ്, ഏരിയ, ജില്ലാ തലങ്ങളിൽ ജനോപകാരപ്രദമായ നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നു. പാവപ്പെട്ടവരെയും അശരണരെയും സഹായിക്കുന്നതിലും ദുരുതാശ്വാസപ്രവർത്തനം നടത്തുക, പാവപ്പെട്ട വിദ്യാർഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്യുക തുടങ്ങിയവയിലും ശ്ലാഘനീയമായ പ്രവർത്തനങ്ങളാണ് ഈ സ്കീമിന്റെ കീഴിൽ നടക്കുന്നത്.

ഇതിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ബ്ലഡ് ഡോണേഴ്സ് ഫോറം ആയിരക്കണക്കിന് രോഗികൾക്ക് സൗജന്യമായി രക്തം നൽകി വരുന്നു. അതിലൂടെ ജീവകാരുണ്യ പ്രവർത്തനത്തിന്റെ മഹനീയ മാതൃകയാണ് എസ്.ഐ.ഒ. കാഴ്ചവെക്കുന്നത്.

കോഴിക്കോടുള്ള സോണൽ ഓഫീസിൽ ശേഖരിച്ചിട്ടുള്ള രക്തദാതാക്കളുടെ ലിസ്റ്റ് ഉപയോഗപ്പെടുത്തി ധാരാളം രോഗികൾ രക്തം സ്വീകരിച്ചുവരുന്നു. സൗജന്യരക്ത നിർണയ ക്യാമ്പും മെഡിക്കൽ ക്യാമ്പും ഏരിയാ തലത്തിലും യൂനിറ്റ് തലത്തിലും നടന്നുവരുന്നു. രക്തദാനത്തെ ചുറ്റിപ്പറ്റിയുള്ള തെറ്റിദ്ധാരണകൾ ദൂരീകരിക്കുന്നതിന് പ്രഗൽഭരായ ഡോക്ടർമാരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ബോധവൽക്കരണ ക്യാമ്പുകളും സംഘടിപ്പിക്കാറുണ്ട്.

**യുവസരണി**

എസ്.ഐ.ഒ. വിന്റെ മുഖപത്രമാണ് യുവസരണി. എസ്.ഐ.ഒ. പ്രവർത്തകർക്കും മറ്റു വായനക്കാർക്കും ഇസ്‌ലാമിക വിജ്ഞാനവും ആനുകാലിക വിഷയങ്ങളെക്കുറിച്ച ഇസ്‌ലാമിക കാഴ്ചപ്പാടും നൽകുന്നതിൽ ഇത്രയും കാലം യുവസരണി മുൻപന്തിയിൽ തന്നെയായിരുന്നു. ആധുനിക പ്രശ്നങ്ങൾക്ക് പരിഹാരമായും തകർന്നുകൊണ്ടേയിരിക്കുന്ന ഭൗതിക ജീവിത വ്യവസ്ഥകൾക്കു പകരമായും ഇസ്‌ലാമിനെ അവതരിപ്പിക്കാനും ഇസ്‌ലാമിക വ്യവസ്ഥയുടെ വിവിധ വശങ്ങളെ വിശദീകരിക്കാനും ഇതിന്റെ താളുകളിലൂടെ നാമിതുവരെ ശ്രമിച്ചു പോന്നിട്ടുണ്ട്. മലയാളത്തിലെ ഏറ്റവും മൂല്യവത്തായ യുവജനമാസികയായി മാറാനും അമുസ്‌ലിംകൾ ഉൾപെടുന്ന വലിയൊരു വായനക്കാരുടെ വൃത്തത്തെ ഉണ്ടാക്കിയെടുക്കാനും കഴിഞ്ഞ യുവസരണി, 91 ജനുവരി 1 മുതൽ ദ്വൈവാരികയായി ഇറങ്ങുകയാണ്.

ഒരിസ്‌ലാമിക പ്രസ്ഥാനം എന്ന നിലയിൽ ബഹുമുഖ പ്രവർത്തനങ്ങൾ ഏറ്റെടുത്തുകൊണ്ടാണ് എസ്.ഐ.ഒ. ഇതുവരെയും പ്രവർത്തിച്ചത്. ഒരു വദ്യാർഥി യുവജന പ്രസ്ഥാനം എന്ന നിലയിൽ ഏറ്റെടുക്കാവുന്നതിലധികം കാര്യങ്ങൾ സംഘടന കഴിഞ്ഞ കാലങ്ങളിൽ നിർവഹിച്ചിട്ടുണ്ട്. പിന്നിട്ട വഴികൾ വളർച്ചയുടെത് തന്നെയാണ് സംശയമില്ലാതെ പറയാം.

രൂപീകരണ ഘട്ടത്തിൽ എസ്.ഐ.ഒ. പ്രവർത്തകരുടെ പ്രായ പരിധി 35 ആയിരുന്നു. ഇപ്പോഴത് 32 വയസ്സാണ്. അടുത്ത മീഖാത്ത് മുതൽ 30 വയസ്സായി ചുരുക്കണമെന്ന് സംഘടന തീരുമാനിച്ചിരിക്കുന്നു. 35 വയസ്സ് പ്രായപരിധിയുള്ളപ്പോൾ നിർവഹിച്ചുകൊണ്ടിരുന്ന കാര്യങ്ങൾ തന്നെയാണ് ഒട്ടും കുറവില്ലാതെ എസ്.ഐ.ഒ.വിന് ഇപ്പോഴും നിർവഹിക്കാനുള്ളത്. സ്വാഭാവികമായ ചില പ്രയാസങ്ങൾ ഇത് സൃഷ്ടിച്ചേക്കാം. എങ്കിലും ജമാഅത്ത് പ്രവർത്തകരുടെ ഉപദേശനിർദേശങ്ങളും, പൊതുജനങ്ങളുടെ സഹകരണവും പിന്തുണയും വഴി ഈ പ്രയാസങ്ങൾ വിജയകരമായി തരണം ചെയ്ത് മുമ്പോട്ട് പോവാൻ കഴിയുമെന്നാണ് ഞങ്ങളുടെ പ്രതീക്ഷ.